**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3330** **25-10-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട താലൂക്കിൽ ഭൂമി പോക്കുവരവിന് ടി. ദേവദാനം സമർപ്പിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞ് പോക്കുവരവിന് അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; അപേക്ഷ സമർപ്പിക്കപ്പെട്ട് എത്ര നാളുകൾക്കുള്ളിൽ പോക്കുവരവ് ചെയ്ത് നല്കാൻ കഴിയും എന്ന് അറിയിക്കുമോ; പോക്കുവരവിനുള്ള നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (എ) | ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞ് പോക്കുവരവിന് അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 21/01/2015 ലെ 19561/ഇ3/2014/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പോക്കുവരവ് ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സമയപരിധി ഒഴിവാക്കിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസത്തിനുള്ളിൽ പോക്കുവരവ് നടപടി പൂർത്തിയാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധാരം രജിസ്റ്റർ ചെയ്ത്, ഭൂമിയുടെയും ഉടമയുടെയും വിവരങ്ങൾ ReLIS എന്ന ഓൺലൈൻ സൈറ്റിൽ സബ് രജിസ്ട്രാർ അപ് ലോഡ് ചെയ്ത് കഴിഞ്ഞാൽ ബന്ധപ്പെട്ട സ്ഥലവും റിക്കാർഡുകളും പരിശോധിച്ച് പോക്കുവരവിന് വിധേയമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം സബ്ഡിവിഷൻ ഇല്ലാത്ത കേസുകൾ വില്ലേജ് ഓഫിസറും, സബ്ഡിവിഷൻ ഉള്ള കേസുകൾ ബന്ധപ്പെട്ട ഭൂരേഖ തഹസിൽദാരും പരിശോധനകൾക്ക് ശേഷം പാസ്സാക്കുകയാണ് നിലവിലെ നടപടിക്രമം. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്ക് ഓഫീസിലെ ഫയൽ നം. 18802/18-ൽ ടി. ദേവദാനം സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | മാറനല്ലൂർ വില്ലേജിലെ ശ്രീ. ദേവദാനം, ഊരൂട്ടമ്പലം സബ് രജിസ്ട്രാർ ഓഫീസിലെ 1524/2006-ാം നമ്പർ വിലയാധാര പ്രകാരം സിദ്ധിച്ച മാറനല്ലൂർ വില്ലേജിലെ ബ്ലോക്ക് 12 ൽ റീസർവ്വെ 35/3 ൽപ്പെട്ട 05.20 ആർ സ്ഥലം പോക്കുവരവ് ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥലവും റിക്കാർഡും പരിശോധിച്ചതിൽ അപേക്ഷകന് ആധാരപ്രകാരം റീസർവ്വെ 35/03 ൽപ്പെട്ട 05.20 ആർ സിദ്ധിച്ചിട്ടുണ്ടെങ്കിലും കൈവശത്തിൽ റീസർവ്വെ 35/50 ൽ 02.50 ആറും (പൂർണ്ണമായി) റീസർവ്വെ 35/03 ൽ 01.58 ആറും ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്നതിനാൽ പോക്കുവരവ് നടപടി സ്വീകരിക്കുന്നതിനായി റീസർവ്വെ 35/50 ൽ 02.50 ആർ-ഉം 35/03 ൽ 01.58 ആർ-ഉം ആയി |

| | | | |
|---|---|---|---|
| | | | പിഴതിരുത്താധാരം ഹാജരാക്കുന്നതിന് ശ്രീ. ദേവദാനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിഴതിരുത്താധാരം ഹാജരാക്കുന്നതിന് വിസമ്മതിക്കുകയും വിവിധ കേന്ദ്രങ്ങളിൽ പരാതി സമർപ്പിക്കുകയും ചെയ്തു. അപേക്ഷകൻ പിഴതിരുത്താധാരം ഹാജരാക്കിയാൽ മാത്രമേ ടിയാന്റെ പേർക്ക് പോക്കുവരവ് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ജില്ലകളക്ടർ 20.8.2019-ൽ നടത്തിയ അദാലത്തിൽ ഈ ഫയൽ സംബന്ധിച്ച് തീരുമാനം എടുത്തിരുന്നോയെന്നും എടുത്തിരുന്നുവെങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കുവാൻ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ? | (സി) | സ്ഥലം നേരിട്ട് പരിശോധിക്കുവാനും രേഖകളും ഫയലും പരിശോധിച്ച് നാല് ആഴ്ചക്കകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനും 20.08.2019-ൽ ജില്ലാ കളക്ടറുടെ അദാലത്തിൽ ഉത്തരവായിരുന്നു. തുടർന്ന് തിരുത്താധാരം ഹാജരാക്കുന്നതിനും അല്ലെങ്കിൽ കോടതി കമ്മീഷൻ സ്കെച്ചിൽ തിരുത്തൽ വരുത്തുന്നതിനും ശ്രീ.ദേവധാനത്തിന് തഹസിൽദാർ നിർദ്ദേശം നല്കിയിട്ടുണ്ട്. മാറനല്ലൂർ വില്ലേജിൽ 1990 കാലഘട്ടത്തിൽ തന്നെ റീസർവെ നിലവിൽ വന്നപ്പോഴെ ബ്ലോക്ക് 12-ൽ റീസർവെ 35/50 എന്ന സബ്ഡിവിഷൻ നിലവിൽ വന്നിരുന്നു. ആയതിനാൽ റീസർവെ 35/50 നെ ഒഴിവാക്കി റിസർവെ 35/3-ൽ നിന്ന് മാത്രം അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് നല്കിയാൽ സമീപ കൈവശക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ടിയാൻ തിരുത്താധാരം ചെയ്ത് ഹാജരാക്കിയാൽ മാത്രമേ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ